## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാചോദ്യം നം. *107

05/03/2018 ൽ
മറുപടിക്ക്

### കശുവണ്ടി ഫാക്ടറികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.എം.മുകേഷ്<br>ശ്രീ.ഡി.കെ.മുരളി | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇറക്കുമതി ചുങ്കത്തിൽ വർദ്ധനവ് വരുത്തിയതുൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് പരിഹരിക്കാൻ നടത്തുന്ന ശ്രമങ്ങൾ അറിയിക്കാമോ; | (എ) നിലവിൽ കേരളത്തിൽ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ഭൂരിഭാഗവും ഇറക്കുമതിയിലൂടെയാണ് കണ്ടെത്തുന്നത് അതു കൊണ്ടു തന്നെ 5% ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണെന്ന് കണ്ടതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വകുപ്പമന്ത്രിയും ബഹു.മുഖ്യ മന്ത്രിയും കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിരുന്നു. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം നിലവിലെ 5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാരിന്റെ 2018 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇറക്കുമതി ചുങ്കം പൂർണ്ണമായും ഒഴിവാക്കിയെങ്കിൽ മാത്രമേ ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന പരമ്പരാഗത വ്യവസായത്തിന് ഗുണകരമാകൂ എന്നാണ് സർക്കാർ കരുതുന്നത്. |
| (ബി) പര്യാപ്തമായ തോതിലില്ലെങ്കിലും സംസ്ഥാനത്ത് ലഭിക്കുന്ന മികച്ച നിലവാരമുള്ള തോട്ടണ്ടി സംഭരിച്ച് കശുവണ്ടി കോർപ്പറേഷന് കീഴിലും കാപ്പെക്സിന് കീഴിലുമുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; | (ബി) തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. കൃഷി വകുപ്പി ന്റെയും, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ രാജപുരം, |

ചീമേനി,കണ്ണൂർ ജില്ലയിലെ നാട്ടുകാണി എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപറേഷൻ, ഓയിൽപാം ഇന്ത്യാ ലിമിറ്റഡ്,മറ്റ് ഗവൺമെന്റ് ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി 2017 ൽ തോട്ടണ്ടി സംഭരിക്കുകയും പ്രസ്തുത തോട്ടണ്ടി ഉപയോഗിച്ച് പ്രോസസിംഗ് നടത്തിയിട്ടുള്ളതുമാണ്.

2018 ലും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങൾ തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ട് പോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും ഗവൺമെന്റ് ഡിപ്പാർട്ടു മെന്റുകളുടേയും പ്ലാന്റേഷൻ കോർപ റേഷൻ ഒഴികെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സി നുമായി നൽകുന്നതിന് ധാരണ യാകുകയും ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ നേരിട്ട് ടെന്റർ ചെയ്ത നടപടി ശരിയല്ലെന്നും ടെന്റർ എടുത്തവരിൽ നിന്ന് തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാൻ നിർദ്ദേശം നൽകണമെന്നും ടെന്റ് ചെയ്യാൻ ബാക്കിയുള്ള 30% തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച്

കോർപറേഷനും കാപെക്സിനും നൽകുന്ന രീതിയിൽ ടെന്റർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് സംയുക്ത മീറ്റിംഗ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| (സി) | ഒന്നരലക്ഷത്തിലധികം തൊഴിലാളികൾ പണിയെടുക്കുന്ന ചെറുകിട കശുവണ്ടി ഫാക്ടറികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ നടത്തുന്ന പരിശ്രമങ്ങൾ അറിയിക്കാമോ; | (സി) അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവും വില വർദ്ധനയുമാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആഭ്യന്തരമായി കശുവണ്ടിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി സംസ്കരണ മേഖലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാരമുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് ലഭ്യമാക്കുന്നതിന് കേരള കാഷ്യൂബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകും എന്നു കരുതുന്നു. കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും നേരിട്ട് സംഭരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു.<br><br>കടക്കെണി മൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ബാങ്കുകളുമായി ബന്ധപ്പെട്ട് ആലോചിച്ചു വരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടേയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം മുഖ്യ മന്ത്രി |

| | | | |
|---|---|---|---|
| | | | 15/02/2018 ൽ വിളിച്ചു ചേർത്തിരുന്നു. നിലവിലുള്ള ലോൺ,പിഴ പലിശ, മറ്റ് ഹിഡൻ ചാർജ്ജുകൾ എന്നിവ ഒഴിവാക്കി റീഷെഡ്യൂൾ ചെയ്യുന്നതും ഭാവി ലോണുകളുടെ നിലവിലെ പലിശ നിരക്ക് കുറയ്ക്കുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾ സംസ്ഥാന ബാങ്കേഴ്സ് സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കാമെന്ന് ബാങ്കുകൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബാങ്കുകളിൽ നിന്നും അനുകൂല നടപടിയുണ്ടാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനായി റിസർവ്വ് ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വിയറ്റ്നാമിൽ നിന്നുള്ള ഗുണനിലവാരം കുറഞ്ഞ കശുവണ്ടി ഇറക്കുമതി ചെയ്ത് കൂട്ടിക്കലർത്തി വിറ്റ് സംസ്ഥാനത്തെ കശുവണ്ടിയ്ക്കുള്ള വിപണി തന്നെ നഷ്ടപ്പെടുത്തുന്ന വൻകിട വ്യവസായികളുടെ പ്രവൃത്തി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിയറ്റ്നാമിൽ നിന്നുള്ള കശുവണ്ടി പരിപ്പിന്റെ ഇറക്കുമതി നിയന്ത്രിച്ചാൽ മാത്രമേ ഇത് അവസാനിപ്പിക്കാനാകൂ. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ